"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കണ്ണൂർ പുഴാതി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ.പി. മുഹമ്മദ് ഷെഫീക്കിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1620/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 08/09/2020

പരാമർശം:- 1 കണ്ണൂർ ടൗൺ പ്ലാനറുടെ 17.09.2015-ലെ 1110/15 നമ്പർ റിപ്പോർട്ട്

2 സർക്കാരിന്റെ 08.02.2019-ലെ 1/ഇപിബി3/2019/തസ്വഭവ നമ്പർ കുറ്റപത്രം

3 ശ്രീ. കെ..പി. മുഹമ്മദ് ഷെഫീക്ക് സമർപ്പിച്ച 10.04.2019-ലെ പ്രതിവാദ പത്രിക

4 പഞ്ചായത്ത് ഡയറക്ടറുടെ 26.06.2019-ലെ PAN/2985/2019-D9(DP) നമ്പർ കത്ത്

<u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിലെ പുഴാതി ഗ്രാമപഞ്ചായത്തിൽപ്പെട്ട ഇടച്ചേരി എന്ന പ്രദേശത്ത് ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ അനധികൃത ഫ്ലാറ്റ് നിർമ്മാണം നടത്തുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം കണ്ണൂർ ടൗൺ പ്ലാനർ സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. ടി റിപ്പോർട്ട് പ്രകാരം പുഴാതി വില്ലേജിലെ സർവ്വെ 37/1-ൽ ഉൾപ്പെട്ട സ്ഥലത്ത് ഒരു അപ്പാർട്ട്മെന്റ് കെട്ടിടം നിർമ്മിക്കുന്നതിനായി ശ്രീ.എൻ.വി. വേണുഗോപാലൻ മുതൽപേർ അപേക്ഷ സമർപ്പിച്ചിരുന്നതായും പരാമർശസ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിരുന്നതിനാൽ അപേക്ഷ നിരസിച്ചിരുന്നതായും തുടർന്ന് അപേക്ഷകൻ ബഹു. ഹൈക്കോടതിയിൽ 28077/13 നമ്പറായി കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസിലെ വിധിന്യായത്തിൽ സ്ഥലപരിശോധന നടത്തി ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ ബഹു.കോടതി നിർദ്ദേശിച്ചതായും ആയതിന്റെ അടിസ്ഥാനത്തിൽ 18.12.2013-ൽ പെർമിറ്റ് അനുവദിച്ചതായും 16.12.2014-ൽ ടി പെർമിറ്റ് റിവൈസ് ചെയ്ത് നൽകിയിട്ടുള്ളതായും, ടി പെർമിറ്റ് പ്രകാരം 1.25 ഏക്കർ സ്ഥലത്ത് 9258.33 വിസ്തൃതിയുള്ള 60 വാസഗൃഹ യൂണിറ്റുകളാണെന്നും പരാമർശ സ്ഥലത്ത് തെങ്ങുകകളും കവുങ്ങുകളും ഉള്ളതായും ടി സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലമാണെന്നും പരാമർശ സ്ഥലം പരിവർത്തനപ്പെടുത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അനുമതി വാങ്ങിയിട്ടില്ലെന്നും PCB Clearence ലഭിച്ചിട്ടില്ലെന്നും കോടതിവിധിയുടെ വെളിച്ചത്തിൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലത്താണ് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ളതെന്നും എന്നാൽ ടി സ്ഥലത്ത് നിർമ്മാണം ആരംഭിച്ചിട്ടില്ലായെന്നും ജില്ലാ ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിരുന്നു.

ടി റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പുഴാതി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ. കെ.പി. മുഹമ്മദ് ഷെഫീക്കിൽ നിന്നും വിശദീകരണം ആരായുകയുണ്ടായി. പുഴാതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ റീ സർവ്വേ നമ്പർ 37/1-ൽപ്പെട്ട സ്ഥലത്ത് അപ്പാർട്ട്മെന്റ് പണിയുന്നതിന് ശ്രീ. വേണുഗോപാലൻ സമർപ്പിച്ച അപേക്ഷയിൽ ടി സ്ഥലം 2008-ലെ തണ്ണീർത്തട നിയമപ്രകാരം ഡാറ്റാ ബാങ്കിലുൾപ്പെടുന്നതിനാൽ ആയത് നിരസിക്കുകയുണ്ടായിയെന്നും എന്നാൽ ഇതിനെതിരെ ടിയാൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്റെ അടിസ്ഥാനത്തിലാണ് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടുള്ളതെന്നും, രേഖകളിൽ വയൽ എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥലം 30 വർഷത്തിലധികമായി തോട്ടമായി പരിവർത്തനം ചെയ്തിട്ടുള്ളതാണെന്ന് നേരിട്ട് ബോധ്യമായതിന്റെ അടിസ്ഥാനത്തിലാണ് നിർമ്മാണാനുമതി നൽകിയിട്ടുള്ളതെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഒരാൾക്ക് അനുവദിച്ച കെട്ടിട നിർമ്മാണ പെർമിറ്റ് സ്ഥലം വിൽപന നടത്തുമ്പോൾ പ്രസ്തുത വ്യക്തിയുടെ പേരിലേയ്ക്ക് മാറ്റി നൽകുന്നതിന് വ്യവസ്ഥയുള്ളതിനാലാണ് കെട്ടിട നിർമ്മാണ പെർമിറ്റ് സ്കൈലൈൻ ബിൽഡേഴ്സിന്റെ പേരിലേയ്ക്ക് മാറ്റി നൽകിയതെന്നും, റോഡിൽ നിന്നും അകലം കാണിച്ചിരിക്കുന്ന ഭാഗം മതിൽ കെട്ടി അടച്ചിരിക്കുന്നതിന് കാരണമായി

കെട്ടിടമുടമ അറിയിച്ചിട്ടുള്ളത് സുരക്ഷയെ മുൻ നിർത്തി ആണെന്നും കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതോടെ ആയത് പൊളിച്ചു നീക്കുന്നതാണെന്നും, മലിനീകരണ നിയന്ത്രണ വകുപ്പിൽ നിന്നുള്ള അനുമതിയ്ക്ക് വിധേയമായി മാത്രമേ ഒക്യുപ്പൻസി നൽകുവാൻ കഴിയുകയുള്ളൂവെന്നും. നാളിതുവരെ യാതൊരു നിർമ്മാണ പ്രവർത്തിയും ആരംഭിച്ചിട്ടില്ലാത്തതുമായ വസ്തുതകൾ പരിഗണിച്ച് കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 250 ന്റെ പരിരക്ഷ നൽകി തന്റെ പേരിൽ യാതൊരു നടപടിയും സ്വീകരിക്കരുതെന്നും സെക്രട്ടറി അപേക്ഷിച്ചിരുന്നു.

കോടതി വിധിയിൽ സ്ഥലപരിശോധന നടത്തി നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാനാണ് ഉത്തരവായിട്ടുള്ളത് എന്നാണ് ജില്ലാ ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പ്രസ്തുത വിധിയ്ക്ക് വിരുദ്ധമായി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലത്ത് കെട്ടിട നിർമ്മാണാനുമതി നൽകിയതും പ്രസ്തുത സ്ഥലം പരിവർത്തനപ്പെടുത്തുന്നതിന് മുൻപ് റവന്യൂ വകുപ്പിൽ നിന്നും അനുമതി വാങ്ങാതിരുന്നതും സെക്രട്ടറിയായിരുന്ന ശ്രീ. മുഹമ്മദ് ഷഫീഖിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണെന്ന് കാണുകയാൽ ടിയാനെതിരെ പരാമർശം (2) പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. കുറ്റപത്രത്തിന് ശ്രീ. മുഹമ്മദ് ഷഫീഖ് പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. സെക്രട്ടറിയായിരുന്ന ശ്രീ. കെ.പി. മുഹമ്മദ് ഷെഫീക്കിനെതിരെ അച്ചടക്ക നടപടിയുടെ ഭാഗമായുള്ള കുറ്റാരോപണപത്രികയിൽ പറഞ്ഞിരിക്കുന്ന വിഷയത്തിൽ ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ടിയാന്റെ 2 വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെ തടഞ്ഞ് 29.08.2018-ലെ ഡി9-289/2016 നമ്പർ നടപടിക്രമങ്ങൾ പ്രകാരം തീർപ്പാക്കുകയും ചെയ്തിരുന്നുവെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. കെ.പി. മുഹമ്മദ് ഷെഫീക്കിനെതിരെ പ്രസ്തുത ക്രമക്കേടുമായി ബന്ധപ്പെട്ട് ടിയാന്റെ 2 വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെ തടഞ്ഞ് പഞ്ചായത്ത് ഡയറക്ടറുടെ 29.08.2018-ലെ ഡി9-289/2016 നമ്പർ നടപടിക്രമങ്ങൾ പ്രകാരം തീർപ്പാക്കിയിട്ടുള്ള സാഹചര്യത്തിൽ ഒരു കുറ്റത്തിന് ഒന്നിലധികം തവണ ശിക്ഷ നൽകുന്നത് ഉചിതമല്ലാത്തതിനാൽ ശ്രീ. കെ.പി. മുഹമ്മദ് ഷഫീക്കിനെതിരെ സർക്കാർതലത്തിൽ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. കെ.പി. മുഹമ്മദ് ഷെഫീക്ക്, മുൻ സെക്രട്ടറി, മുൻ പുഴാതി ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ& ഇ) /(ആഡിറ്റ്) , കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/1/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2020.09.11 16:58:44 IST
Reason: Approved

സെക്ഷൻ ഓഫീസർ